**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3116** **14-02-2024 - ൽ മറുപടിയ്ക്ക്**

**കാരോട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് കുടിവെള്ള പദ്ധതിയുടെ പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ? | (എ) | 89.189 കോടി രൂപയ്ക്ക് കിഫ്ബി വഴി ഭരണാനുമതി നൽകിയിട്ടുള്ള കാരോട് കുടിവെള്ള പദ്ധതിയിൽ 16 MLD ജലശുദ്ധീകരണശാലയും, അനുബന്ധ ഘടകങ്ങളും, 6 ലക്ഷം ലിറ്റർ സമ്പും, ഉപരിതല ജല സംഭരണികളും, ക്ലിയർ വാട്ടർ ആൻഡ് റോ വാട്ടർ പമ്പിങ് മെയിനുകളും, പമ്പ് സെറ്റ് ഉൾപ്പെടെയുള്ള ഘടകങ്ങളും ഉൾപ്പെടുന്നു. ജല ശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും ഉൾപ്പെട്ട പ്രവർത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി 29.09.2023-ൽ വർക്ക് ഓർഡർ നൽകുകയും, 26.10.2023-ൽ എഗ്രിമെൻറ് വെച്ച് പണികൾ ആരംഭിക്കുകയും ചെയ്തു.<br><br>പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ ടെൻഡർ ക്ഷണിച്ചപ്പോൾ ആദ്യ ടെൻഡറിലും പുനർ ദർഘാസിലും ആരും പങ്കെടുത്തില്ല. മൂന്നാമത്തെ ദർഘാസിൽ ഒരാൾ പങ്കെടുത്തു. ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ അനുമതി സർക്കാരിൽ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ